"ഭരണഭാഷ- മാതൃഭാഷ"

YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കുടുംബശ്രീ - 2023-24 സാമ്പത്തിക വർഷം "2515-00-102-29(PV)" ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള പദ്ധതി വിഹിതമായ 220 കോടി രൂപയുടെ രണ്ടാം ഗഡു ആയി 39 കോടി രൂപ കുടുംബശ്രീയ്ക്ക് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

സ.ഉ.(സാധാ) നം.1497/2023/LSGD തീയതി,തിരുവനന്തപുരം, 22-07-2023

---

പരാമർശം:-

1. 03/07/2018 തീയതിയിലെ സ.ഉ.(അ) നം.100/2018/ധന
2. 09/05/2023 തീയതിയിലെ സ.ഉ.(സാധാ) നം.1008/2023/തസ്വഭവ
3. 20/05/2023 തീയതിയിലെ സ.ഉ.(സാധാ) നം.1067/2023/തസ്വഭവ
4. 25/05/2023 തീയതിയിലെ സ.ഉ.(സാധാ) നം.1104/2023/തസ്വഭവ
5. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 06/07/2023 തീയതിയിലെ I/96162/2023 നമ്പർ കത്ത്.

**ഉത്തരവ്**

2023-24 സാമ്പത്തിക വർഷത്തിൽ കുടുംബശ്രീയുടെ തുടർ പദ്ധതികളിൽ ഉൾപ്പെടുത്തിയിട്ടുള്ള വിവിധ പ്രവർത്തനങ്ങൾക്കായി 2515-100-102-29(PV) എന്ന ബജറ്റ് ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 220 കോടി രൂപയ്ക്ക് ഭരണാനുമതി നല്കി പരാമർശം (2,3) പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. 2023-24 സാമ്പത്തിക വർഷത്തെ ആകെ ബഡ്ജറ്റ് വിഹിതത്തിന്റെ ആദ്യ ഗഡു പരാമർശം (4) പ്രകാരം അനുവദിച്ചിട്ടുണ്ട്. ടി തുകയുടെ ഭാഗിക വിനിയോഗ സാക്ഷ്യപത്രം സഹിതം രണ്ടാം ഗഡു അനുവദിച്ച് നല്കുന്നതിന് പരാമർശം (5) പ്രകാരം കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (1) ഉത്തരവിലെ നിബന്ധനകൾക്ക് വിധേയമായി നടപ്പ് സാമ്പത്തിക വർഷം കുടുംബശ്രീയുടെ "2515-00-102-29(PV)" എന്ന ബജറ്റ് ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 220 കോടി രൂപയുടെ രണ്ടാം ഗഡു ആയി 39 കോടി രൂപ (മുപ്പത്തി ഒൻപത് കോടി രൂപ മാത്രം) അനുവദിച്ച് ഉത്തരവാകുന്നു.

3. തദ്ദേശ സ്വയംഭരണ വകുപ്പിലെ ഡ്രോയിംഗ് ആന്റ് ഡിസ്ബേഴ്സിംഗ് ഓഫീസർ ടി തുക കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ അക്കൗണ്ടിലേയ്ക്ക് കൈമാറ്റം ചെയ്യേണ്ടതാണ്. അടുത്ത ഗഡുവിനുള്ള ശുപാർശ സമർപ്പിക്കുമ്പോൾ ടി തുകയുടെ പൂർണ്ണ വിനിയോഗം സംബന്ധിച്ച സാക്ഷ്യപത്രം, പ്രതീക്ഷിത ചെലവിന്റെ വിശദാംശങ്ങൾ എന്നിവ കുടുംബശ്രീ എക്സിക്യൂട്ടീവ്

ഡയറക്ടർ സർക്കാരിൽ ലഭ്യമാക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശാരദ മുരളീധരൻ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം
തദ്ദേശ സ്വയംഭരണ (എഫ്.എം) വകുപ്പ്
ഡ്രോയിംഗ് ആന്റ് ഡിസ്ബേഴ്സിംഗ് ഓഫീസർ, തദ്ദേശ സ്വയംഭരണ വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ&ആർ.എസ്.എ./ജി&എസ്.എസ്.എ) കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ് (ഡബ്ല്യൂ.സി.ഡി.-3/4/2022-ഫിൻ ഇ (2235234 പ്രകാരം)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി (IA1/159/2023-LSGD)

ഉത്തരവിൻ പ്രകാരം
Signed by
Suja S K
സെക്ഷൻ ഓഫീസർ Date: 22-07-2023 17:13:00